# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സപ്ലിമെന്റ് | 2006 മാർച്ച് 21 | പേജ് 2

## മുഖലേഖനം

## പ്രതിപുരുഷ ധർമ്മം നിറവേറ്റുക


**വീ**ണ്ടുമൊരിക്കൽകൂടി പരുമലയുടെ പാവനമായ മണ്ണിൽ മലങ്കരസഭയുടെ പ്രതിപുരുഷന്മാർ സമ്മേളിക്കുകയാണ്. അടുത്ത അഞ്ചു വർഷത്തേക്കുള്ള മാനേജിംഗ് കമ്മറ്റിയേയും അൽമായ - വൈദിക ട്രസ്റ്റിമാരെയും തിരഞ്ഞെടുക്കുക എന്നതാണ് ഈ സമ്മേളനത്തിന്റെ ലക്ഷ്യം. എന്നാൽ കുറെക്കൂടി ആഴത്തിൽ ചിന്തിച്ചാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ആവശ്യമായ സഭയുടെ ഗതിവ്യതിയാനങ്ങളെ സ്വാധീനിക്കുന്നതാവും ഈ തിരഞ്ഞെടുപ്പ്. ഇതിൽ നിന്നും ഉയരുന്ന സന്ദേശങ്ങൾ സഭയുടെ മുന്നോട്ടുള്ള പ്രയാണത്തെ നിർണ്ണായകമായി സ്വാധീനിക്കുക തന്നെ ചെയ്യും.

അൽമായ ട്രസ്റ്റി തെരഞ്ഞെടുപ്പ് വളരെ സവിശേഷതകൾ നിറഞ്ഞ ഒന്നാണ്. 1983-ൽ നടന്ന തെരഞ്ഞെടുപ്പിൽ പി. സി. ഏബ്രഹാം, ഇ. ജെ. ജോസഫ് എറികാട് എന്നിവർ തമ്മിൽ ശക്തമായ മത്സരമുണ്ടാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും സഭാസ്നേഹിയായ ഇ. ജെ. ജോസഫ് അവസാന നിമിഷം പിന്മാറിയതിലൂടെ മത്സരം ഒഴിവായി. അതിനു മുൻപുള്ള അൽമായ ട്രസ്റ്റിമാരായ കുര്യൻ ഏബ്രഹാം ഉപ്പൂട്ടിൽ, ഇ. ഐ. ജോസഫ് (എറികാട്ട് കുഞ്ചപ്പൻ), കോര കൊച്ചുകോരുള എന്നിവർ ഏകാഭിപ്രായപ്രകാരമാണ് തെരഞ്ഞെടുക്കപ്പെട്ടത്. എന്നാൽ ഇത്തവണ എം. ജി. ജോർജ് മുത്തൂറ്റ് ഒരു പിടിച്ചടക്കൽ മനോഭാവത്തോടെ രംഗത്തുവന്നത് തെരഞ്ഞെടുപ്പു രംഗത്തെ അത്യന്തം മലീമസമാക്കി. പണത്തിന്റെയും സ്വന്തം സ്ഥാപനത്തിലെ ജീവനക്കാരുടെ (ഇതര മതസ്ഥരുൾപ്പെടെയുള്ള) ആൾബലത്തിലും വ്യാജപ്രസ്താവനകൾ പാർശ്വവർത്തികളെക്കൊണ്ട് ഇറക്കിച്ചും രാഷ്ട്രീയക്കാരെപ്പോലും നാണിപ്പിക്കുന്ന ഹീനമായ തന്ത്രങ്ങളാണ് അദ്ദേഹം ഈ തെരഞ്ഞെടുപ്പ് രംഗത്ത് പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ മണി - മസിൽ പവർ ഗയിം കണ്ട് അന്ധാളിച്ച പല യോഗ്യരായ സ്ഥാനാർത്ഥികളും മത്സരരംഗത്തുനിന്നും പിന്മാറുന്നതാണ് സമീപകാലങ്ങളിൽ കണ്ടിരുന്നത്. ഈ ഘട്ടത്തിലാണ് റോയി എം. മാത്യുവിന്റെ സ്ഥാനാർത്ഥിത്വത്തെ സഭാസ്നേഹികൾ സ്വാഗതം ചെയ്തത്. പണം, ആൾബലം തുടങ്ങിയവയിൽ എം. ജി. ജോർജിനോട് കമ്പോടു കമ്പ് മാറ്റുരയ്ക്കുവാൻ കഴിവുണ്ടെങ്കിലും ആ മാർഗ്ഗത്തിൽ ചരിക്കാതെ വിനയാന്വിതമായ പെരുമാറ്റത്തിലും കഴിയുന്നത്ര പ്രതിപുരുഷന്മാരെ നേരിട്ട് ബന്ധപ്പെടുന്നതിലും സഭയെ ഒന്നായി കാണുവാനുള്ള മനോഭാവം വ്യക്തമാക്കുന്ന പ്രസ്താവനയിലും കൂടി ചുരുങ്ങിയ സമയത്തിനുള്ളിൽ റോയി എം. മുത്തൂറ്റ് നൽകുന്ന സന്ദേശം ശ്രദ്ധേയമാണ്. തച്ചിൽ മാത്തുത്തരകൻ വച്ചുനീട്ടിയ തങ്കക്കാശു കൊഴുക്കൊട്ട നിരാകരിച്ച് സത്യവിശ്വാസം സംരക്ഷിക്കുവാൻ ദീവന്നാസ്യോസ് ഒന്നാമന്റെ പിന്നിലണിനിരന്ന നസ്രാണി പാരമ്പര്യം സടകുടഞ്ഞെഴുന്നേല്ക്കേണ്ട ഈ സമയം പ്രതിപുരുഷന്മാർ തങ്ങളുടെ ധർമ്മം നിറവേറ്റുക തന്നെ ചെയ്യണം.

വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന രണ്ടു സ്ഥാനാർത്ഥികളും ഒരുപോലെ പ്രഗത്ഭരാണെങ്കിലും ധാർമ്മികതയുടെയും നിലപാടുകളുടെയും കാര്യത്തിൽ ഫാ. ഡോ. ജോൺസ് ഏബ്രഹാം വേറിട്ട് നിൽക്കുന്നു. ഫാ. ഡോ. ഒ. തോമസ്, കോനാട്ട് മാത്തൻ മല്പാനെപ്പറ്റി ഒരു അഭിമുഖ സംഭാഷണത്തിൽ നടത്തിയ പരാമർശനങ്ങൾ അതീവ നിന്ദ്യമാണ്. മൺമറഞ്ഞുപോയ വ്യക്തികളെ സ്മരിക്കുമ്പോൾ അവരുടെ നന്മകൾ മാത്രം പരാമർശിക്കുകയും എന്തെങ്കിലും തെറ്റുകുറ്റങ്ങളുണ്ടെങ്കിൽ അത് പരാമർശിക്കാതിരിക്കുകയും ചെയ്യുക എന്ന പ്രാഥമിക മര്യാദ പോലും ഒ. തോമസച്ചൻ വിസ്മരിച്ചിരിക്കുന്നു. നിയുക്ത കാതോലിക്കാ തെരഞ്ഞെടുപ്പിനുശേഷം നടന്ന സ്വീകരണത്തിൽ സഭ ക്ഷണിച്ചുവരുത്തിയ ആർച്ച്ബിഷപ്പ് പൗവ്വത്തിലിനെ അവഹേളിക്കുന്നവിധത്തിൽ ആ സന്ദർഭത്തിന് യോജിക്കാത്ത സ്വാശ്രയകോളജ് പ്രശ്നം അവതരിപ്പിച്ചതു മുതൽ ഇത്തരം വികട സരസ്വതി വിലാസം അദ്ദേഹത്തിന്റെ നാവിന് സന്തത സഹചാരിയാണ്. സഭയുടെ ഉന്നത സ്ഥാനത്തിരിക്കുന്നവർ തങ്ങളുടെ നാവിന് കടിഞ്ഞാണിട്ടില്ലെങ്കിൽ അത് സഭയെ പല ഊരാക്കുടുക്കുകളിലും കൊണ്ടുപോയി ചാടിക്കും. വിഘടിത സഭാവിഭാഗത്തിന് പള്ളികൾ വീതം വച്ചു നൽകാം, എന്നാൽ 1995-ലെ സുപ്രീംകോടതി വിധിയുടെ അന്തസത്തയുൾക്കൊണ്ട് മാതൃസഭയുമായി പുനരൈക്യപ്പെട്ടവർക്ക് സൂചി കുത്തുവാനിടം നൽകയില്ല എന്നിങ്ങനെയുള്ള വിചിത്രമായ നിലപാടുകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. 'അൽമായവേദി'യുടെ ഫെബ്രുവരി - മാർച്ച് ലക്കത്തിൽ തൃക്കുന്നത്തു സെമിനാരി മുതൽ സെക്രട്ടറിയേറ്റ് മാർച്ചു വരെയുള്ള സംഭവങ്ങളിൽ അദ്ദേഹം വഹിച്ച വിവാദപരമായ പങ്ക് വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്.

എഴുപതുകളിൽ സഭാ പ്രശ്നം രൂക്ഷമായ നാളുകളിൽ വടക്കൻ ഭദ്രാസനങ്ങളിൽ ഓർത്തഡോക്സ് സഭയുടെ കൊമ്പുയർത്തുവാൻ അത്യദ്ധ്വാനം ചെയ്ത കോനാട്ട് ഏബ്രഹാം മല്പാന്റെയും അദ്ദേഹത്തിന്റെ പുത്രൻ ജോൺസ് ഏബ്രഹാം ശെമ്മാശന്റെയും റോൾ അക്കാല ചരിത്രം പഠിച്ചിട്ടുള്ള ഏവർക്കുമറിയാം. പിൽക്കാലത്ത് ഔഗേൻ ബാവായായിത്തീർന്ന ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയോടൊപ്പം മലങ്കരസഭയുമായി പുനരൈക്യപ്പെടുകയും പ. ഗീവർഗീസ് ദ്വിതീയൻബാവായാൽ മലങ്കര മല്പാൻ സ്ഥാനത്തുയർത്തപ്പെടുകയും മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ അദ്ധ്യക്ഷനായ മലങ്കര അസോസിയേഷനാൽ മലങ്കരസഭയുടെ വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിനായി അത്യദ്ധ്വാനം ചെയ്യുകയും ചെയ്ത പാരമ്പര്യത്തെ മലങ്കരസഭയ്ക്ക് ഒരു കാലത്തും മറക്കാനാവില്ല. ഇവയെല്ലാം തമസ്കരിച്ച് മാത്തൻ മല്പാനെ മാത്രം കറുത്ത ചായം തേച്ച് പുറത്തിറക്കിയ വാറോല, തെക്കൻ ഭദ്രാസനങ്ങളിൽ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്നതും കൂടി കൂട്ടിവായിക്കുമ്പോൾ ഒരു പ്രത്യേക മാനസികാവസ്ഥയുടെ ചിത്രം വ്യക്തമാകുന്നു. ചിലരെയെല്ലാം പുറത്താക്കിയും അനഭിമതരാക്കിയും ചില കോക്കസുകൾക്ക് സഭാഭരണം കയ്യാളുവാനുള്ള ഹീനശ്രമം പ്രതിപുരുഷന്മാർ തിരിച്ചറിയണം. ആ ശ്രമങ്ങൾക്ക് ശക്തമായ തിരിച്ചടി നൽകേണ്ടത് സഭാസ്നേഹികളായ പ്രതിപുരുഷന്മാരുടെ ധർമ്മമാണ്. പരുമല തിരുമേനിയുടെ ചൈതന്യം കുടികൊള്ളുന്ന ഈ പവിത്ര ഭൂമിയിൽ വച്ചു നടത്തുന്ന യോഗത്തിൽ ബാഹ്യപ്രേരണകൾക്ക് വശംവദരാകാതെ സഭയുടെ ഉത്തമ താല്പര്യങ്ങൾക്കനുസൃതമായി തങ്ങളുടെ പ്രതിപുരുഷധർമ്മം നിർവഹിക്കുവാൻ പള്ളിയോഗങ്ങളുടെ പ്രതിനിധികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

## അസോസിയേഷനിൽ ആദ്യമായി സ്ത്രീ സാന്നിദ്ധ്യം



**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ ആദ്യമായി അസോസിയേഷൻ യോഗത്തിൽ സ്ത്രീ സാന്നിദ്ധ്യവുമായി 2007 മാർച്ച് 21 ന് നടക്കുന്ന പരുമല അസോസിയേഷൻ ശ്രദ്ധേയമാകുന്നു. കൂട്ടുട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പിനുള്ള വരണാധികാരിയായി സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥയായ ഒ. പി. ശോശാമ്മയെ അസോസിയേഷൻ പ്രസിഡന്റു കൂടിയായ പ. കാതോലിക്കാബാവാ നിയമിച്ചു.

അമേരിക്കൻ ഭദ്രാസനത്തിലെ പള്ളി പൊതുയോഗങ്ങളിൽ വനിതകളെ നിരീക്ഷകരായി പങ്കെടുക്കാൻ അനുവദിച്ച സുന്നഹദോസ് തീരുമാനത്തിനു തൊട്ടുപിന്നാലെയുള്ള ഈ നിയമനത്തിന് നിരീക്ഷകർ ഏറെ പ്രാധാന്യം കാണുന്നുണ്ട്. വനിതകൾക്ക് പൂർണ വോട്ടവകാശം നൽകാനുള്ള നടപടിയുടെ പ്രാരംഭമായാണ് ഈ നടപടികൾ വിലയിരുത്തപ്പെടുന്നത്.

തമിഴ്നാട് സംസ്ഥാന ലാന്റ് റവന്യൂ കമ്മീഷണറായ ഒ. പി. ശോശാമ്മ

*(ശേഷം 2-ാം പേജിൽ)*

## വൈദികട്രസ്റ്റി സ്ഥാനം: ഫാ. ജോൺസ് ഏബ്രഹാമിന് വ്യാപകമായ പിന്തുണ

കോട്ടയം: ഇന്നു നടക്കുന്ന വൈദികട്രസ്റ്റി തിരഞ്ഞെടുപ്പിൽ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിന് വ്യാപകമായ പിന്തുണ ലഭിക്കുമെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. അദ്ദേഹത്തെ വിജയിപ്പിക്കണമെന്ന് ഏഴ് ഭദ്രാസന സെക്രട്ടറിമാർ ചേർന്നു പുറപ്പെടുവിച്ച പ്രസ്താവനയിൽ അഭ്യർത്ഥിച്ചിരുന്നു. ഫാ. ഒ. പി. വർഗീസ് (കണ്ടനാട് വെസ്റ്റ്), ഫാ. ഏബ്രഹാം കാരാമ്മേൽ (കണ്ടനാട് ഈസ്റ്റ്), ഫാ. സഖറിയാ പെരിയോർമറ്റം (കോട്ടയം), ഫാ. ടൈറ്റസ് ജോർജ് (തുമ്പമൺ), ഫാ. കെ. ടി. ഏലിയാസ് (കൊച്ചി), റമ്പാൻ തോമസ് പോൾ (അങ്കമാലി ഈസ്റ്റ്), ഫാ. എൻ. ഡി. ദാനിയേൽ (അങ്കമാലി വെസ്റ്റ്) എന്നീ ഭദ്രാസനസെക്രട്ടറിമാരാണ് പ്രസ്താവനയിൽ ഒപ്പു വച്ചത്.

കോനാട്ട് വൈദികപരമ്പരയിലെ 23-ാമത്തെ അഭിഷിക്തനായ അദ്ദേഹം അംഗീകരിക്കപ്പെട്ട സുറിയാനി പണ്ഡിതനാണ്. കോട്ടയം വൈദികസെമിനാരിയുടെ ബർസാർ, നാഗ്പൂർ സെമിനാരിയിലെ സന്ദർശക അദ്ധ്യാപകൻ, സുറിയാനി ഗവേഷണ കേന്ദ്രമായ 'സീറി'യിലെ അദ്ധ്യാപകൻ തുടങ്ങിയ നിലയിൽ പ്രവർത്തിക്കുന്നു. സഭയുടെ കാര്യങ്ങൾക്കായി വിജയകരമായി ചിന്തിക്കുവാനും പ്രവർത്തിക്കാനും കഴിവുള്ളയാളാണ്.

ഹൃദയത്തിന്റെയും ബുദ്ധിയുടെയും ഗുണങ്ങളാലനുഗ്രഹീതനും ചെറുപ്പക്കാരനും പ്രതിബദ്ധതയുള്ളയാളുമായ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടാണ് ഇന്നത്തെ സാഹചര്യത്തിൽ സഭയ്ക്ക് അനുയോജ്യനായ വൈദികട്രസ്റ്റി എന്ന് ഭൂരിപക്ഷം അസോസ്യേഷൻ അംഗങ്ങളും കരുതുന്നു.

## അൽമായ ട്രസ്റ്റി തെരഞ്ഞെടുപ്പ്: റോയി എം. മാത്യു മുത്തൂറ്റിന് മുൻതൂക്കം

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: ഇന്നു നടക്കുന്ന അൽമായ ട്രസ്റ്റി തെരഞ്ഞെടുപ്പിൽ താൻ മത്സരരംഗത്ത് ഉറച്ചു നിൽക്കുകയാണെന്ന് റോയി എം. മാത്യു മുത്തൂറ്റ് പ്രഖ്യാപിച്ചതോടെ കടുത്ത മത്സരം ഉറപ്പായി.

ആദ്യം തെരഞ്ഞെടുപ്പു രംഗത്തുവന്ന റോയി പിന്നീട് രംഗത്തില്ലാതിരുന്നതിനാൽ അദ്ദേഹം പിന്മാറിയെന്ന സൂചനകളുണ്ടായിരുന്നു. എന്നാൽ താൻ മത്സരരംഗത്തുണ്ടെന്നും പ്രചരണ കോലാഹലങ്ങൾക്ക് തയാറല്ലെന്നും വ്യക്തിപരമായി അസോസിയേഷൻ അംഗങ്ങളുമായി ബന്ധപ്പെട്ടുവരികയാണെന്നും റോയി എം. മാത്യു മുത്തൂറ്റ് വ്യക്തമാക്കി. താൻ മത്സരരംഗത്തു നിന്നും പിൻമാറിയെന്നത് ചില കേന്ദ്രങ്ങളുടെ പ്രചരണതന്ത്രം മാത്രമാണെന്നും താൻ അപ്രകാരം ചിന്തിച്ചിട്ടു കൂടിയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ സ്ഥിരതാമസം, മാനേജിംഗ് കമ്മറ്റിയംഗം, ആർദ്ര ചാരിറ്റബിൾ ട്രസ്റ്റ്, ബസേലിയോസ് പബ്ലിക് സ്കൂൾ, പീരുമേട് എൻജിനിയറിംഗ് കോളജ്, മലങ്കര അസോസിയേഷൻ നടത്തിപ്പുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചത് റോയിക്ക് അനുകൂല ഘടകങ്ങളാണെന്ന് വിലയിരുത്തപ്പെടുന്നു. തെക്കൻ ഭദ്രാസനങ്ങളിൽ മുൻതൂക്കമുള്ള റോയിയുടെ കടുത്ത വിഭജന വിരുദ്ധ നിലപാട് വടക്കൻ ഭദ്രാസനങ്ങളിലും പിന്തുണ നേടിയിട്ടുണ്ട്.

ആദ്യഘട്ട പ്രചരണത്തിൽ ബഹുദൂരം മുന്നേറിയിരുന്ന എം. ജി. ജോർജ് മുത്തൂറ്റിന്റെ തെരഞ്ഞെടുപ്പ് പ്രചരണത്തിന് അക്രൈസ്തവരടക്കമുള്ള മുത്തൂറ്റ് ജീവനക്കാർ വീടു വീടാന്തരം കയറിയിറങ്ങി വോട്ടുപിടിച്ചത് തിരിച്ചടിയായെന്നു റിപ്പോർട്ടു ചെയ്യപ്പെടുന്നു. പല വൈദികരും അൽമായ വോട്ടർമാരും എം. ജി. ജോർജിനു വോട്ടുപിടിക്കാൻ ചെന്ന ഓർത്തഡോക്സുകാരല്ലാത്ത മുത്തൂറ്റ് ജീവനക്കാരെ പുറത്താക്കിയതായും റിപ്പോർട്ടുണ്ട്.

തന്റെ സ്ഥാപനത്തിലെ ജീവനക്കാരെ വോട്ടുപിടുത്തത്തിനുപയോഗിക്കാത്തതും റോയി എം. മുത്തൂറ്റിന് അനുകൂല ഘടകമാകുമെന്ന് കണക്കാക്കപ്പെടുന്നു.

### അൽമായ - വൈദികട്രസ്റ്റി എങ്ങനെയാവരുത്?

- ❑ ഇനി മത്സരിക്കില്ലെന്ന ഉറപ്പു നൽകിയിട്ട് വീണ്ടും മത്സരിക്കുന്നവർ.
- ❑ തൃക്കുന്നത്തു സെമിനാരി പൂട്ടിയാലും മെത്രാനെ ഒതുക്കുമെന്ന് പരസ്യമായി വെല്ലുവിളിക്കുന്നവർ.
- ❑ സ്വന്തം തെരഞ്ഞെടുപ്പു പ്രചരണത്തിനായി മാത്രം തിരുവനന്തപുരത്ത് മലങ്കരസഭാംഗങ്ങളെ കൊണ്ടുപോയി തല്ലു കൊള്ളിച്ചവർ.
- ❑ ജനം (വൈദികരുൾപ്പെടെ) തല്ലു കൊള്ളുമ്പോൾ ചാനലിൽ മുഖം കാട്ടാൻ വ്യഗ്രതപ്പെടുന്നവർ.
- ❑ തല്ലുകൊണ്ട് കൈയും കാലും ഒടിഞ്ഞവരെ തിരിഞ്ഞു നോക്കാതെ ഇരിക്കുന്നവർ.
- ❑ അസോസിയേഷൻ വേദിയിൽ ക്ഷണിച്ചുവരുത്തിയ അതിഥികളെ അനവസരത്തിൽ അപമാനിക്കുന്നവർ.
- ❑ സ്ഥാനികളെയും പണ്ഡിതരെയും തെരഞ്ഞെടുപ്പ് മുമ്പിൽ കണ്ട് തുച്ഛീകരിക്കുന്നവർ.
- ❑ ഭരണ പരിഷ്ക്കാര ശ്രമങ്ങളെ തുരങ്കം വയ്ക്കുന്നവർ.
- ❑ സഭയുടെ ഐക്യത്തേക്കാൾ മറ്റു പല ലക്ഷ്യങ്ങൾക്കും മുൻതൂക്കം കൊടുക്കുന്നവർ.
- ❑ മറ്റുള്ളവരുടെ നേട്ടങ്ങൾ തന്റേതാക്കി ചിത്രീകരിക്കുന്നവർ.
- ❑ പണം കൊണ്ട് സ്ഥാനം വാങ്ങി ശീമോന്യ പാപം ചെയ്യുന്നവർ.

### അൽമായ - വൈദികട്രസ്റ്റി എങ്ങിനെയായിരിക്കണം?

- ❑ "ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു... നിന്ദയിലും പിശാചിന്റെ കണിയിലും കുടുങ്ങാതിരിക്കാൻ പുറമെയുള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം" (1 തീമോത്തി. 3:1, 7)
- ❑ മൃദുഭാഷിയും വിവാദങ്ങൾക്കതീതരും.
- ❑ പണ്ഡിതരും വിനയവാന്മാരും.
- ❑ സഭയിലെ എല്ലാവരെയും ഒന്നുപോലെ കരുതുന്നവർ.
- ❑ ഗ്രൂപ്പുകളെയും കോക്കസുകളെയും പ്രോത്സാഹിപ്പിക്കാത്തവർ.
- ❑ ഏറ്റെടുത്തിട്ടുള്ള ചുമതലകൾ ശരിയായി നിറവേറ്റിയിട്ടുള്ളവർ.

# നോമിനേഷനുകൾ തിരഞ്ഞെടുപ്പ് തന്ത്രത്തിന്റെ ഭാഗമാകരുത്


**കെ. വി. ഏബ്രഹാം കൊടുവത്ത്**
(പ്രസിഡണ്ട്, അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി)


മാനേജിംഗ് കമ്മറ്റിയിലേക്കുള്ള നോമിനേറ്റഡ് മെമ്പർമാരെ നിയമിക്കുവാനുള്ള അധികാരം മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാണ്. എന്നാൽ ഇപ്പോൾ നടക്കുന്ന നോമിനേഷനുകൾ പ. ബാവാതിരുമേനിയെ മൂകസാക്ഷിയാക്കിക്കൊണ്ട് നിയുക്ത കാതോലിക്ക, ഫാ. ഡോ. ഒ. തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള ഒരു കോക്കസ് തീരുമാനിച്ച് നടപ്പാക്കുന്നതാണെന്നറിയുന്നു. ഫാ. ഡോ. ഒ. തോമസിന്റെയും എം. ജി. ജോർജ് മുത്തൂറ്റിന്റെയും തിരഞ്ഞെടുപ്പ് വിജയത്തിനുള്ള ആയുധമായി ഈ നോമിനേഷനുകൾ ഉപയോഗിക്കപ്പെടുന്നുണ്ട്. മേൽപ്പറഞ്ഞ കോക്കസ് രൂപപ്പെടുത്തിയ ലിസ്റ്റ് മരവിപ്പിക്കണമെന്നും പ. ബാവാതിരുമേനി സ്വയമായോ എപ്പിസ്കോപ്പൽ ഉപദേശക സമിതിയുടെ സഹായത്തോടെയോ വ്യക്തമായ മാനദണ്ഡങ്ങളുടെയും സുതാര്യമായ നടപടിക്രമത്തിന്റെയുമടിസ്ഥാനത്തിൽ രൂപപ്പെടുന്ന വിവാദങ്ങൾക്കതീതരായ വ്യക്തികളുടെ ലിസ്റ്റ് പ്രകാരമായിരിക്കണം നോമിനേഷനുകൾ നടത്തേണ്ടതെന്നും അൽമായവേദി ആവശ്യപ്പെടുന്നു. നോമിനേഷനുകൾ ചില സ്ഥാനാർത്ഥികൾക്ക് വോട്ടു പിടക്കുവാനുള്ള ആയുധമായി മാറ്റുന്നതിൽ ജനങ്ങൾക്കുള്ള പ്രതിഷേധം വിവിധ മാർഗ്ഗങ്ങളിലൂടെ രേഖപ്പെടുത്തേണ്ടതായി വരും. അപ്പോൾ എതിർ വിഭാഗത്തിന് സഹായകമായ നിലപാടെടുക്കുന്നു എന്ന് പരിതപിച്ചിട്ട് കാര്യമില്ല. തോന്ന്യാസങ്ങൾ പ്രവർത്തിച്ചിട്ട് അതിന് വിമർശനം വരുമ്പോൾ “എതിർവിഭാഗം” എന്ന ഇമ്പാച്ചിക്കഥ പറഞ്ഞാൽ ഇനിയും അത് വിഴുങ്ങുവാൻ ആളെ കിട്ടുകയില്ല. അങ്ങിനെ എതിർവിഭാഗത്തിന് എന്തെങ്കിലും വീണുകിട്ടിയാൽ അതിന്റെ ഉത്തരവാദിത്തം മേൽപ്പറഞ്ഞ കോക്കസുകൾക്കാണ്. പ്രതികരിക്കുന്നവർക്കല്ല എന്നും സഭാനേതൃത്വം മനസ്സിലാക്കിയാൽ നന്ന്.

# തോട്ടത്തിന് കോട്ടം ഉണ്ടാക്കുന്നവരെ തിരിച്ചറിയണം


**ഫിലിപ്പോസ് പുതുപ്പള്ളി**


ഇന്നു നടക്കുന്ന വൈദിക, അത്മായ ട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പിൽ വിശ്വാസികളായ അസോസിയേഷൻ മെമ്പറന്മാർ, സഭാപിതാവ് പ. ദിദിമോസ് പ്രഥമൻ ബാവായ്ക്കു തുണയും, കരുത്തും പകരുന്ന സഭാ വൈകാരികതയുള്ളവരെ തെരഞ്ഞെടുക്കണം. സ്റ്റേജുകളിലേയും പ്രസിദ്ധീകരണങ്ങളിലേയും, നോട്ടീസുകളിലേയും പ്രകടനവും വചനവുമല്ല, പ്രവർത്തിപഥത്തിൽ പ്രാവർത്തികമാക്കുന്നവരെ കണ്ടെത്തി വിജയിപ്പിക്കണം. പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിക്കും പ. സഭയ്ക്കും ഉണ്ടാക്കിവച്ച അപമാനം ഇനി ആവർത്തിക്കാനിടയാവരുത്.

ഒരു തവണ കൂടി തന്നാൽ സഭയെ പരിപോഷിപ്പിക്കാം എന്നു പറയുന്നവരും, കിട്ടിയ അവസരവും സമയവും പരിമിതമായിരുന്നു എന്നു വിലപിച്ചും തങ്ങളുടെ സിംഹാസനം നിലനിർത്താനുള്ള വ്യഗ്രത സഭാസ്നേഹമാവുമോ? കിട്ടിയ അവസരം തക്കത്തിന് ഉപയോഗിച്ച് സഭാ പ്രശ്നം പരിഹരിച്ച് സഭയെ നയിക്കുവാൻ പരാജയപ്പെട്ട ട്രസ്റ്റിമാരും സെക്രട്ടറിയും; നമുക്ക് അനുവദിച്ച അവകാശ അധികാരങ്ങൾ നേടിഎടുക്കുന്നതിനു പകരം വാചാലതയിലൂടെ താൻപെരുമയും അവരവരുടെ ഔന്നത്യവും നിലനിർത്തിയപ്പോൾ തിരുസഭയുടെ ചൈതന്യവും ചലനാത്മകതയും നിസംഗതയിലായി.

ഒപ്പമിരുന്ന് സഭയ്ക്കുവേണ്ടി രക്തസാക്ഷിയായ പെരുമ്പാവൂർകാരൻ മലങ്കര വർഗീസിനെയും മറ്റും അനുസ്മരിച്ച മുത്തൂറ്റ് റോയി സാറിന്റെ ഞാറാഴ്ചത്തെ മനോരമയിലെ അഭ്യർത്ഥന വായിച്ചപ്പോൾ കോൾമയിർ കൊണ്ടു. സഭയെ സ്നേഹിക്കുന്ന, വിശ്വാസിയുടെ വിചാരങ്ങളെ ആരായുവാൻ മനസ്സുള്ള ഒരു സ്ഥാനാർത്ഥി എങ്കിലും ഉണ്ടല്ലോ എന്നോർത്ത്.

പ. ദിദിമോസ് ബാവായുടെ സ്ഥാനാരോഹണശേഷം സഭാ നവോത്ഥാന പ്രക്രിയകൾ സഭാമണ്ഡലം ആകമാനം ഒരു പുത്തൻ ഉണർവിന്റെ മന്ദമാരുതൻ വലയം ചെയ്തു. എന്നാൽ പരിശുദ്ധ പിതാവിന്റെ കർമ്മകുശലതയും സഭാ വീക്ഷണവും വേണ്ടവണ്ണം പ്രവർത്തിപഥത്തിൽ എത്തിക്കാൻ കടപ്പെട്ട വർക്കിംഗ് കമ്മറ്റിയിലെ പലരും ഒഴിഞ്ഞുമാറി. പ. പിതാവിന്റെ നയങ്ങളെ തുണച്ച ചില കഴിവുള്ള മെത്രാപ്പോലീത്താമാരേയും വൈദികരേയും തെരഞ്ഞുപിടിച്ച് അപകീർത്തിപ്പെടുത്തി ഒറ്റപ്പെടുത്തി സ്ഥാനചലനങ്ങൾ വരെ സൃഷ്ടിച്ചു. ഈ രീതിയിൽ സഭയുടെ ഉണർവിനെ നിസംഗതയിലെത്തിച്ച പല പ്രമുഖരും അടുത്ത അവസരത്തിനായി മത്സരരംഗത്തുണ്ട്.

കേവലം 250 പേരെ എങ്കിലും തൃക്കുന്നത്തു സെമിനാരിയിൽ സംഘടിപ്പിക്കാൻ ശ്രമിക്കാതെ തിരുവനന്തപുരത്ത് പോയി ലാത്തിയടിയ്ക്ക് വഴി ഒരുക്കിയത് നേതൃത്വ പരാജയമാണ്. 1995 ലെ വിധി നടപ്പാക്കേണ്ടതും - രാഷ്ട്രീയ, വ്യവസായ, വ്യാമോഹങ്ങളുള്ളവരുടെ സ്വാർത്ഥതയ്ക്ക് നേതൃത്വത്തിലുള്ളവർ കൂട്ടുനിന്നതിനാലാണ്. അത്തരക്കാരെ വീണ്ടും വിജയിപ്പിക്കണമോ?

ഈ തെരഞ്ഞെടുപ്പിൽ ആദ്യമായി മത്സരരംഗത്തു വന്നിട്ടുള്ള ബഹു. ഡോ. കോനാട്ട് അച്ചനെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തയച്ചാൽ മലങ്കര സഭയ്ക്കുവേണ്ടി അടുത്ത കാലത്ത് രക്തസാക്ഷികളായ മലങ്കര വർഗീസിന്റെയും കുറിയാക്കോസിന്റെയും ഓനാംകുഞ്ഞിന്റെയും രക്തത്തിന്റെ മുറവിളിക്കുള്ള ഉത്തരമാകും. സഭയിലെ വടക്കൻ മേഖലയിലെ സഹോദരങ്ങളുടെ നെടുവീർപ്പിന്റെ നേരിയ ശബ്ദം എങ്കിലും നമ്മുടെ കാതിൽ മുഴങ്ങുന്നുണ്ട് എന്ന് വ്യക്തമാകും.

സൗമ്യനും ശാന്തനും കോഴഞ്ചേരി നിവാസിയും സമ്പന്നനെങ്കിലും ആ ജാട കാട്ടാതെ സാധാരണക്കാരനായ ഓർത്തഡോക്സുകാരുടെ പ്രതീകമായ മുത്തൂറ്റ് റോയിയെ അത്മായ ട്രസ്റ്റി സ്ഥാനത്തേക്ക് അയക്കണം. മുത്തൂറ്റ് സഹോദരന്മാരിൽ മൂത്തയാൾ റോയി തന്നെ. സഹോദരനു വേണ്ടി വഴി മാറുക എന്നത് കുടുംബ മഹിമയും ഓർത്തഡോക്സിയുമാണ്. മുത്തൂറ്റ് ഗ്രൂപ്പിലെ പതിനായിരക്കണക്കിന് ജീവനക്കാരെയും നാനാജാതിമതസ്ഥരേയും സഭാവൈരികളായ കേഫാക്കാരെയും ഓർത്തഡോക്സ് സഭാ ട്രസ്റ്റി മത്സരത്തിൽ തെരഞ്ഞെടുപ്പ് പ്രചാരകരാക്കുന്നത് ഉചിതമല്ല. ആയതിനാൽ തെക്കൻ പ്രദേശ പ്രതിനിധിയായ മുത്തൂറ്റ് റോയി എന്ന മൂത്ത സഹോദരനെ നമ്മുടെ ട്രസ്റ്റി ആയി ഇത്തവണ തെരഞ്ഞെടുക്കണം.

**പരുമല അസോസിയേഷൻ വാർത്തകൾ തത്സമയം അറിയുവാൻ അൽമായവേദിയുടെ വെബ്സൈറ്റ് സന്ദർശിക്കുക.**

**21-3-2007 ഉച്ചകഴിഞ്ഞ് 2 മണി മുതൽ (ഇന്ത്യൻ സമയം) ഓരോ മണിക്കൂർ ഇടവിട്ട് അൽമായവേദി ന്യൂസ് ബുള്ളറ്റിനിന്റെ പ്രത്യേക പതിപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.**

**ദയവായി അൽമായവേദിയുടെ വെബ്സൈറ്റ് സന്ദർശിക്കുകയും ഈ സൗകര്യം പ്രയോജനപ്പെടുത്തുകയും ചെയ്യുവാൻ താല്പര്യപ്പെടുന്നു.**

**ജോയ്സ് തോട്ടയ്ക്കാട്**
**(വെബ് കോ-ഓർഡിനേറ്റർ)**

# സ്ത്രീ സാന്നിദ്ധ്യം...

*(ഒന്നാം പേജിൽ നിന്നും)*

കോട്ടയം ഭദ്രാസനത്തിലെ വടക്കൻമണ്ണൂർ പള്ളി ഇടവകാംഗം പരേതനായ ഓമത്തിൽ ഒ. റ്റി. പോത്തന്റെ പുത്രിയും കോന്നി കത്തീഡ്രൽ ഇടവകാംഗം മണ്ണിക്കോയിക്കൽ മാമ്മൻ എം. ഉമ്മന്റെ ഭാര്യയുമാണ്. സണ്ടേസ്കൂൾ മത്സര പരീക്ഷയിൽ തുടർച്ചയായി അഞ്ചു മുതൽ ഒമ്പതു വരെ ക്ലാസുകളിൽ (1960-64) അഖില മലങ്കര അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്.

അനേക നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള മലങ്കരയുടെ പള്ളി പ്രതിപുരുഷയോഗങ്ങളുടെയും അതിന്റെ തുടർച്ചയായ മലങ്കര അസോസിയേഷന്റെയും ചരിത്രത്തിൽ ആദ്യമായി പങ്കെടുക്കുന്ന വനിത എന്ന ചരിത്രത്തിന്റെ നാഴികക്കല്ലായ പദവി നേടിയ ഒ. പി. ശോശാമ്മ ഈ സ്ഥാനത്തിന് സർവ്വഥാ യോഗ്യയാണെന്നതിന് സംശയമില്ല. സഭാസ്നേഹികളോടൊപ്പം ഈ മാന്യ വനിതയ്ക്ക് അൽമായവേദി അഭിനന്ദനങ്ങളർപ്പിക്കുന്നു.

# മുത്തൂറ്റ് റോയി എം. മാത്യു സഭാ ട്രസ്റ്റി സ്ഥാനത്തേക്ക് കടന്നു വരാനുണ്ടായ സാഹചര്യം


**തോമസ് കൊടുമൺ**


മലങ്കരസഭയുടെ ചരിത്രത്തിൽ നാഴികക്കല്ലാകാവുന്ന സംഭവമാണ് ഇന്നു നടക്കുന്ന മലങ്കര അസോസിയേഷൻ. ചുരുങ്ങിയ കാലം കൊണ്ട് തന്നെ ആതുര സേവന രംഗത്തും സാമൂഹിക - സാംസ്കാരിക - വ്യാവസായിക രംഗത്തും എല്ലാംതന്നെ മികവുറ്റ വ്യക്തിപ്രഭാവമായി മാറിയിരിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാന ഭാജനം ശ്രീ. റോയി എം. മുത്തൂറ്റ് ഈ നിർണായക കാലഘട്ടത്തിൽ സഭയുടെ അൽമായ ട്രസ്റ്റി സ്ഥാനത്തേക്ക് കടന്നുവരണമെന്നത് മലങ്കര ഓർത്തഡോക്സ് സഭയെ സ്നേഹിക്കുന്ന ഏതൊരു സഭാമക്കളുടെയും ആത്മാർത്ഥമായ ആഗ്രഹമാണ്.

സഭാ ട്രസ്റ്റി സ്ഥാനത്തേക്കുള്ള മത്സരത്തിൽ ആദ്യം തന്നെ സജീവമായി പ്രവർത്തിച്ചിരുന്ന ശ്രീ. റോയിയുടെ ഇലക്ഷൻ പ്രവർത്തനങ്ങൾ, അതാത് ഭദ്രാസനങ്ങളിൽ നടക്കുന്ന മാനേജിംഗ് കമ്മറ്റി ഇലക്ഷനോടനുബന്ധിച്ച് അല്പം മന്ദീഭവിച്ച സാഹചര്യം നോക്കി ഒരു വിഭാഗം ആളുകൾ റോയി എം. മാത്യു സഭാ ട്രസ്റ്റി മത്സരരംഗത്തു നിന്നു പിന്മാറി എന്ന വ്യാപകമായ പ്രചരണം നടത്തി. ചില സ്ഥാനാർത്ഥികളുടെ നിലവാരത്തകർച്ചയുടെ ഉത്തമ ഉദാഹരണമാണിത്. അവിടെയെല്ലാം ദൈവത്തിന്റെ താങ്ങും തണലുമാണ് റോയി എം. മാത്യുവിനെ നയിക്കുന്ന ശക്തി. ദൈവത്തിന്റെ അളവറ്റ കൃപയാലും കരുണയാലും അദ്ദേഹം ഈ വക കുപ്രചാരണങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ട് വളരെയേറെ മുന്നേറിക്കഴിഞ്ഞിരിക്കുന്നു.

സഭാ ട്രസ്റ്റി സ്ഥാനത്തേക്ക് ശ്രീ. റോയി കടന്നുവരുവാനുണ്ടായ സാഹചര്യങ്ങളും കാരണങ്ങളും നിരവധിയാണ്.

1. സഭാട്രസ്റ്റി സ്ഥാനത്തേക്ക് കടന്നുവരുന്ന ഒരു വ്യക്തി സഭയുടെ ദൈനംദിന കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുവാൻ മാത്രം കഴിവും സമയവും സഭാകേന്ദ്രവുമായി ഏറ്റവും അടുത്ത് താമസിക്കുന്ന ഒരാളുമായിരിയ്ക്കണം.

2. ശരിയായ പ്രായവും പക്വതയും ഒത്തിണങ്ങിയ വ്യക്തിയായിരിക്കണം സഭാ ട്രസ്റ്റി.

3. സഭാമക്കൾക്ക് ആർക്കും എപ്പോൾ വേണമെങ്കിലും കടന്നുചെല്ലുവാനും ആശയവിനിമയം നടത്തുവാനും കഴിയുന്ന സുതാര്യമായ ഒരു വ്യക്തിത്വത്തിന് ഉടമയായിരിയ്ക്കണം.

4. പ്രായോഗിക ബുദ്ധിയും കർമ്മകുശലതയും ഉള്ളയാളായിരിക്കണം. മാത്രമേ സഭയുടെ എല്ലാ വിധമായ പ്രശ്നങ്ങളെക്കുറിച്ചും ആധികാരികമായി പഠിച്ച് പരിഹാരം കണ്ടെത്തുവാനും വിജയിപ്പിക്കുവാനും കഴിവുള്ള വ്യക്തിയുമായിരിയ്ക്കണം സഭാ ട്രസ്റ്റി.

5. ഏറ്റവും വിശ്വസ്തനായിരിക്കണം.

6. എല്ലാ മാനേജിംഗ് കമ്മറ്റിയിലും മുഴുവൻ സമയവും പങ്കെടുത്ത് സഭയുടെ ക്രിയാത്മക മാർഗ്ഗദർശിയായി മാതൃക കാണിച്ച വ്യക്തിയാണ് ശ്രീ. റോയി മാത്യു.

7. വി. മദ്ബഹായിലെ എളിയ ശുശ്രൂഷകൻ മുതൽ കേരളത്തിലെ ഏറ്റവും വലിയ ഐ. ടി. പാർക്കിന്റെ ചെയർമാൻ സ്ഥാനം വരെ വിവിധ രംഗങ്ങളിൽ പ്രവർത്തിച്ച് വിജയിപ്പിച്ച മാതൃകാ നേതാവ്.

8. മലങ്കരസഭയിലാകമാനവും വിവിധ ആതുര സേവന പ്രസ്ഥാനങ്ങൾക്കു താങ്ങും തണലുമായി വർത്തിച്ച കരുണാമയനായ മനുഷ്യസ്നേഹി.

ഇടംകൈ ചെയ്യുന്നത് വലംകൈ അറിയാത്ത സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും വറ്റാത്ത നീരുറവയാണ് ശ്രീ. റോയി എന്ന് ആയിരങ്ങൾ സാക്ഷ്യം പറയുന്നു.

കേരളത്തിൽ തന്നെ ഏറ്റവും പ്രധാനപ്പെട്ട 13 ഉന്നത സ്ഥാനങ്ങൾ ഒരേ സമയം കൈകാര്യം ചെയ്ത് വിജയിപ്പിച്ച് മുഖ്യധാരയിൽ എത്തിയ്ക്കുവാനുള്ള നേതൃപാടവം തന്നെ ശ്രീ. റോയി എം. മാത്യു ഈ സ്ഥാനത്തേക്ക് ഏറ്റവും അനുയോജ്യനാണെന്ന യാഥാർത്ഥ്യ ബോധത്തിലേക്ക് നമ്മെ നയിക്കുന്നു. അതിനാൽ സഭാ സാമൂഹിക സാംസ്കാരിക രംഗങ്ങളിലാകമാനം നിറഞ്ഞു നില്ക്കുന്ന ഈ വിനീത വ്യക്തിത്വത്തെ - ശ്രീ. റോയി എം. മാത്യു മുത്തൂറ്റിനെ - സഭാമക്കൾ ഒന്നടങ്കം കൈനീട്ടി സ്വീകരിയ്ക്കുമെന്നതിൽ രണ്ട് പക്ഷമില്ല.

# ഡൽഹിയിൽ നിന്നും മാനേജിംഗ് കമ്മറ്റിയിലേക്ക് വിജയിച്ച വ്യക്തി എങ്ങനെ കോട്ടയംകാരനായി?


**മാത്യൂസ് ഏബ്രഹാം, തുമ്പമൺ**


കഴിഞ്ഞ 30 വർഷക്കാലമായി ഡൽഹിയിൽ സ്ഥിരതാമസമാണെന്ന അവകാശവാദവുമായി ഡൽഹി ഭദ്രാസനത്തിൽ നിന്ന് മാനേജിംഗ് കമ്മറ്റിയിലേക്ക് മത്സരിച്ചു ജയിച്ച ഒരു വ്യക്തി, സഭാ ട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിക്കുന്നതിനു വേണ്ടി മാത്രം കോട്ടയം അഡ്രസ് വച്ച് കത്തുകൾ അയയ്ക്കുന്നത് തികഞ്ഞ അല്പത്തവും സഭാമക്കളെ ഒന്നടങ്കം കബളിപ്പിക്കുന്നതും ആകുന്നു.

ഓർത്തഡോക്സ് സഭ ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രക്ഷുബ്ദ്ധമായ ഒരു അന്തരീക്ഷത്തിലൂടെയാണ് കടന്നുപോകുന്നത്. ഓരോ നിമിഷവും നിർണായകമായ ഈ സാഹചര്യത്തിൽ ഡൽഹിയിൽ നിന്നും ഇവിടെ വന്ന് വോട്ടു വാങ്ങി തിരിച്ചുപോയി മലങ്കരസഭയുടെ ലേബലിൽ ഡൽഹിയിൽ കഴിയുന്ന സുഖിമാൻമാരെയല്ല ഇന്ന് സഭയ്ക്ക് ആവശ്യം. കേരളത്തിൽ തന്നെ താമസിച്ച് സഭയിലങ്ങോളമിങ്ങോളം ദൈനംദിനകാര്യങ്ങളിൽ സജീവ സാന്നിദ്ധ്യമായി പ്രവർത്തിച്ച് വിജയിപ്പിക്കുവാൻ കഴിയുന്ന ശ്രീ. റോയി എം. മുത്തൂറ്റിനെപ്പോലെയുള്ള സഭാ സ്നേഹികളെയാണ് ഓർത്തഡോക്സ് സഭയ്ക്ക് ഇന്ന് ആവശ്യം. ദുബായിൽ നിന്നുള്ള ശ്രീ. കെ. മാത്യു പണിക്കരുടെ ഒരു ഫാക്സ് സന്ദേശം കാണുക: “I have talked to many people and they all vote for Roy only. One reason I mentioned that he is always available at Kottayam and do not want someone to come from Delhi in case of an emergency situation.” അതേ, മേൽ പ്രസ്താവിച്ചത് മലങ്കരസഭാമക്കൾ ഏവരുടെയും മനസ്സിന്റെ പ്രതിഫലനമാണ്. വിവേകമതികളായ ഓർത്തഡോക്സ് സഭാമക്കൾ അവരുടെ കടമ നിർവഹിക്കുമ്പോൾ പ്രധാനമായും അവരെ ഭരിയ്ക്കുന്ന വികാരവും ഇതുതന്നെയായിരിയ്ക്കും. സംശയമില്ല.

# സംയുക്ത തെരഞ്ഞെടുപ്പ് അഞ്ചാം തവണ


**അൽമായവേദി ന്യൂസ് സർവീസ്**


കോട്ടയം: മലങ്കര അസോസിയേഷന്റെ ചരിത്രത്തിൽ അഞ്ചാം തവണയാണ് രണ്ടു കൂട്ടുട്രസ്റ്റിമാരെയും ഒരുമിച്ചു തെരഞ്ഞെടുക്കുന്നത്. പുതുക്കിയ നടപടിചട്ടപ്രകാരം ഇനി എല്ലാ അഞ്ചു വർഷത്തിലും കൂട്ടുട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പ് നടക്കും. കൊല്ലം പഞ്ചായത്തു വിധിപ്രകാരമാണ് കൂട്ടുട്രസ്റ്റിമാരുടെ സ്ഥാനം രൂപീകരിച്ചത്. അതിൻപ്രകാരം ആദ്യ തെരഞ്ഞെടുപ്പ് നടന്നത് 1869 ഒക്ടോബർ 21 ന് കോട്ടയം പഴയസെമിനാരിയിലാണ്. താഴത്തു ചാക്കോ ചാണ്ടപ്പിള്ള കത്തനാർ, കുളങ്ങര ഇട്ടിയച്ചൻ പൈലി എന്നിവരെ തെരഞ്ഞെടുത്തു. തുടർന്ന് 1886 സെപ്റ്റംബർ 13 ന് കോര യൂഹാനോൻ മല്പാൻ, കുന്നുംപുറത്ത് കോര ഉലഹന്നാൻ (പഴയസെമിനാരി) എന്നിവരെയും 1911 സെപ്റ്റംബർ 7 ന് പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാർ, ചിറക്കടവിൽ കോരുള കൊച്ചുകോരുളയെയും (കോട്ടയം എം. ഡി. സെമിനാരി), 1958 ഡിസംബർ 26 ന് മണലിൽ യാക്കോബ് കത്തനാർ, ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം (പുത്തൻകാവ് പള്ളി) എന്നിവരെയും ഒരുമിച്ച് തെരഞ്ഞെടുത്തതാണ്.


സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi, PB No. 652, Kottayam - 686001,
printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 0481 - 2463138